# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 253** — **04/06/2018-ൽ മറുപടിയ്ക്ക്**

### നിപാ വൈറസ് - അലോപ്പതി വൈദ്യശാഖക്കെതിരെ കുപ്രചരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) നിപാ വൈറസ് ഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ അലോപ്പതി വൈദ്യശാഖക്കെതിരെയും ആരോഗ്യ വകുപ്പിനെതിരെയും കുപ്രചരണങ്ങൾ നടത്തി വരുന്ന വ്യാജ വൈദ്യൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;<br><br>ബി) ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുന്ന വ്യാജ ചികിത്സകരെ നിയന്ത്രിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | **എ) യും ബി) യും** ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സമൂഹമാധ്യമങ്ങളിൽ കൂടിയുള്ള തെറ്റായ പ്രചാരണങ്ങൾക്കെതിരെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. വ്യാജ ചികിത്സകരെ സംബന്ധിച്ച പരാതി ലഭിക്കുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**